# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## ദൈവപിതാവിനോടുള്ള പ്രാർത്ഥനകൾ



ദൈവപിതാവിനോടുള്ള പ്രാർത്ഥനകൾ - ദൈവം, എന്റെ പിതാവ്...!

"സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ, അങ്ങ് എന്റെ പിതാവും, ഞാൻ അങ്ങയുടെ ഒരു കുഞ്ഞുമാണെന്ന അറിവ് എത്ര മധുരതരം! പ്രത്യേകിച്ചും, എന്റെ ആത്മാവിന്റെ ആകാശങ്ങൾ മേഘാവൃതവും, എന്റെ കുരിശ് ഭാരമേറിയതുമാണെന്ന് അറിയുമ്പോൾ, 'പിതാവേ അങ്ങേക്ക് എന്നോടുള്ള സ്നേഹത്തിൽ ഞാൻ വിശ്വാസമർപ്പിക്കുന്നു' എന്ന് ആവർത്തിക്കേണ്ടതുണ്ടെന്ന് ഞാനറിയുന്നു.

ജീവിതത്തിന്റെ എല്ലാ വിനാഴികകളിലും അങ്ങ് എന്റെ പിതാവാണെന്നും, ഞാൻ അങ്ങയുടെ കുഞ്ഞാണെന്നും ഞാൻ വിശ്വസിക്കുന്നു.... അനന്തസ്നേഹംകൊണ്ട് അങ്ങ് എന്നെ സ്നേഹിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു.... രാപകൽ അങ്ങ് എന്നെ ശ്രദ്ധിക്കുന്നു; എനിക്ക് കാവൽ നിൽക്കുന്നു. അങ്ങയുടെ അനുമതികൂടാതെ എന്റെ ഒരു തലമുടിപോലും കൊഴിയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.... എനിക്കു നല്ലതെന്താണെന്ന്, എന്നെക്കാൾ നന്നായി അങ്ങയുടെ അനന്തജ്ഞാനംകൊണ്ട് അങ്ങറിയുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.... തിന്മയിൽനിന്നുപോലും നന്മയുളവാക്കാൻ അനന്തശക്തിയാൽ അങ്ങേക്ക് കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു... എന്റെ മുറിവുകളുണക്കുന്ന അങ്ങയുടെ കരം ഞാൻ ചുംബിക്കട്ടെ! ഞാൻ വിശ്വസിക്കുന്നു. എന്നിലെ വിശ്വാസവും ശരണവും സ്നേഹവും വർദ്ധിപ്പിക്കേണമേ.... ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും എന്നെ നയിക്കുന്ന അങ്ങയുടെ സ്നേഹം മനസ്സിലാക്കാൻ എന്നെ പഠിപ്പിക്കണമേ.... കുഞ്ഞ് അമ്മയുടെ കൈകളിലെന്നതു പോലെ, എന്നെ അങ്ങേക്കു സമർപ്പിക്കാൻ എന്നെ പഠിപ്പിക്കണമേ.... പിതാവേ, അങ്ങ് എല്ലാം അറിയുന്നു; കാണുന്നു; എന്നെ, എന്നെക്കാൾ നന്നായി അറിയുന്നതും അങ്ങുതന്നെ.

പിതാവേ, ഞങ്ങൾ എപ്പോഴും അങ്ങയിലേക്കു തിരിയണം എന്നത് അങ്ങയുടെ ആഗ്രഹമാണ്. അതുകൊണ്ട്, യേശുവിനോടും പരിശുദ്ധമറിയത്തോടും ചേർന്ന് വിശ്വാസത്തോടെ അങ്ങയോട് അപേക്ഷിക്കുന്നു....... (ഉദ്ദിഷ്ടകാര്യം അപേക്ഷിക്കുക) ..... ഈ

നിയോഗത്തിനായും, എന്റെ ഹൃദയത്തെ അവരുടെ തിരുഹൃദയങ്ങളോട് ഒന്നിപ്പിക്കുന്നതിനായും ഞാൻ എന്റെ പ്രാർത്ഥനകളും പരിത്യാഗങ്ങളും ആശയടക്കങ്ങളും പ്രവൃത്തികളും അങ്ങേക്ക് കാഴ്ച വയ്ക്കുന്നു. ആമേൻ!"

## ദൈവപിതാവിന്റെ പ്രേഷിതത്വത്തിനുവേണ്ടിയുള്ള പ്രാർത്ഥന

"ദൈവിതാവേ, എല്ലാ മനുഷ്യരും അങ്ങയെ അറിയുകയും സ്നേഹിക്കുകയും പ്രത്യേക ഭക്തിയാൽ ബഹുമാനിക്കുകയും ചെയ്യുക എന്ന പ്രേക്ഷിതത്വത്തെ ആശീർവ്വദിക്കുകയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യണെ! എല്ലാം ക്രമീകരിക്കുകയും, ഹൃദയങ്ങളെ സജ്ജീകരിക്കുകയും, വാക്കുകളെ വിശുദ്ധീകരിക്കുകയും, പ്രവർത്തനങ്ങളെ അനുഗ്രഹിക്കുകയും, അങ്ങനെ അങ്ങയുടെ തിരുഹിതം നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമെ.... ദൈവപിതാവേ, ഞങ്ങൾ അങ്ങയെ സവിശേഷമാംവിധം അനുഭവിച്ചറിയുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.... ആമേൻ....ആമേൻ" (1 സ്വർഗ്ഗ.. 1 നന്മ. 1 ത്രിത്വ)

+++